"ഭരണഭാഷ – മാതൃഭാഷ"

കേരള സംസ്ഥാനം
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
വികാസ് ഭവൻ പി ഒ, തിരുവനന്തപുരം-33
ഫോൺ : 0471-2303856, ഇമെയിൽ : cru.dttvpm@kerala.gov.in

---

**നം. ഡി റ്റി/2510/2026-ജി1** തീയതി: **22-05-2026**

---

# വിജ്ഞാപനം

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - പരീക്ഷാ വിഭാഗം - അഖിലന്ത്യാ ട്രേഡ് ടെസ്റ്റ് (റഗുലർ) ജൂലൈ 2026– 2024 അഡ്മിഷൻ സെഷനിൽ (2024-26 കാലയളവിൽ) പ്രവേശനം നേടിയ രണ്ടു വർഷ ട്രേഡുകളിലെ രണ്ടാം വർഷ റഗുലർ/ പ്രൈവറ്റ് ട്രെയിനികളിൽ നിന്നും, 2025 അഡ്മിഷൻ സെഷനിൽ (2025-2027 കാലയളവിൽ ) പ്രവേശനം നേടിയ രണ്ടു വർഷ ട്രേഡുകളിലെ ഒന്നാം വർഷ റഗുലർ/ പ്രൈവറ്റ് ട്രെയിനികളിൽ നിന്നും, 2025 അഡ്മിഷൻ സെഷനിൽ (2025-2026 കാലയളവിൽ) പ്രവേശനം നേടിയ ഒരു വർഷ ട്രേഡുകളിലെ റഗുലർ/ പ്രൈവറ്റ് ട്രെയിനികളിൽ നിന്നും, 2025-2026 കാലയളവിലെ ആറുമാസ ട്രേഡുകളിലെ ബാച്ച് II റഗുലർ/ പ്രൈവറ്റ് ട്രെയിനികളിൽ നിന്നും അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

സൂചന: ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിങ്ങിൻറെ 15/05/2026 തീയതിയിലെ MSDE - 18011/08/CTS/Dec-21/2021-TTC (FTS No E 44186) നമ്പർ കത്ത്.

സംസ്ഥാനത്തെ സർക്കാർ/ എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി/ സ്വകാര്യ ഐ റ്റി ഐകളിൽ എൻ.സി.വി.റ്റി അഫിലിയേഷൻ നേടിയ അംഗീകൃത ട്രേഡുകളിൽ

2024 അഡ്മിഷൻ സെഷനിൽ (2024-26 കാലയളവിൽ) പ്രവേശനം നേടിയ രണ്ടു വർഷ ട്രേഡുകളിലെ രണ്ടാം വർഷ റഗുലർ/ പ്രൈവറ്റ് ട്രെയിനികളിൽ നിന്നും, 2025 അഡ്മിഷൻ സെഷനിൽ (2025-2027 കാലയളവിൽ ) പ്രവേശനം നേടിയ രണ്ടു വർഷ ട്രേഡുകളിലെ ഒന്നാം വർഷ റഗുലർ/ പ്രൈവറ്റ് ട്രെയിനികളിൽ നിന്നും, 2025 അഡ്മിഷൻ സെഷനിൽ (2025-2026 കാലയളവിൽ) പ്രവേശനം നേടിയ ഒരു വർഷ ട്രേഡുകളിലെ റഗുലർ/ പ്രൈവറ്റ് ട്രെയിനികളിൽ നിന്നും, 2025-2026 കാലയളവിലെ ആറുമാസ ട്രേഡുകളിലെ ബാച്ച് II റഗുലർ/ പ്രൈവറ്റ് ട്രെയിനികളിൽ നിന്നും പ്രാക്ടിക്കൽ, CBT പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷ 15/06/2026 തീയതി വൈകുന്നേരം 5.00 മണിയ്ക്ക് മുൻമ്പ് ബന്ധപ്പെട്ട ഐ റ്റി ഐ പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

പരീക്ഷാ ഫീസ്

| ക്രമ നമ്പർ | വിഭാഗം | വിഷയം | ഫീസ് |
|---|---|---|---|
| 1 | റഗുലർ ട്രെയിനികൾ | പ്രാക്ടിക്കൽ | 110 രൂപ |
| | | CBT | 213 രൂപ |
| 2 | പ്രൈവറ്റ് ട്രെയിനികൾ | പ്രാക്ടിക്കൽ | 1105 രൂപ |
| | | CBT | 213 രൂപ |

ഡി ജി റ്റി CBT ഫീസിൽ എന്തെങ്കിലും മാറ്റം വരുത്തിയാൽ ആയത് പിന്നാലെ അറിയിക്കുന്നതും ടി തുക കൂടി ഫീസ് ഇനത്തിൽ അടയ്ക്കേണ്ടതുമാണ്.

റഗുലർ ട്രെയിനികൾ പ്രാക്ടിക്കൽ വിഷയങ്ങൾക്കുള്ള ഫീസ് പിഴ കൂടാതെ ഒടുക്കേണ്ട അവസാന തീയതി 11/06/2026 ഉം 60 രൂപ പിഴയോടുകൂടി ഫീസ് ഒടുക്കേണ്ട അവസാന തീയതി 15/06/2026 ഉം ആണ്. CBT ഫീസ് ഒടുക്കുന്നതിനുള്ള അവസാന തീയതി 15/06/2026 ആണ്.

പ്രൈവറ്റ് ട്രെയിനികൾ പ്രാക്ടിക്കൽ വിഷയങ്ങൾക്കുള്ള ഫീസ് പിഴ കൂടാതെ ഒടുക്കേണ്ട അവസാന തീയതി 11/06/2026 ഉം 550 രൂപ പിഴയോടുകൂടി ഫീസ് ഒടുക്കേണ്ട അവസാന തീയതി 15/06/2026 ഉം ആണ്. CBT ഫീസ് ഒടുക്കുന്നതിനുള്ള അവസാന തീയതി 15/06/2026 ആണ്.

ഐ റ്റി ഐ പ്രിൻസിപ്പാൾമാർ ട്രെയിനികളുടെ ഹാജർ, ഫോർമാറ്റീവ് അസ്സസ്മെൻറ്, പരീക്ഷാ ഫീസ് (പ്രൈവറ്റ് ഉൾപ്പെടെ) എന്നീ വിവരങ്ങൾ **SIDH** പോർട്ടലിൽ **16/06/2026** തീയതിയ്ക്കകം അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ആയതനുസരിച്ച് ട്രെയിനികളിൽ നിന്നും അപേക്ഷയും ഫീസും ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഓരോ ഐ റ്റി ഐ പ്രിൻസിപ്പാൾമാരും മുൻകൂട്ടി തന്നെ സ്വീകരിക്കേണ്ടതാണ്. ഫോർമാറ്റീവ് അസ്സസ്മെൻറ്, ഹാജർ എന്നിവ പോർട്ടലിൽ രേഖപ്പെടുത്തുന്നതിനുള്ള സമയപരിധി ഡി ജി റ്റി വ്യത്യാസം വരുത്തുന്ന പക്ഷം ആയത് പിന്നാലെ അറിയിക്കുന്നതാണ്.

**യോഗ്യതയും നിർദ്ദേശങ്ങളും**

ചുവടെ പരാമർശിച്ചിരിക്കുന്ന ട്രെയിനികൾക്ക് **2026** ജൂലൈയിൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് റഗുലർ പരീക്ഷയ്ക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കാവുന്നതാണ്.

**a) 2024** അഡ്മിഷൻ സെഷനിൽ **(2024-26** കാലയളവിൽ**)** പ്രവേശനം നേടിയ രണ്ടു വർഷ ട്രേഡുകളിലെ രണ്ടാം വർഷ റഗുലർ/ പ്രൈവറ്റ് ട്രെയിനികൾക്കും, **2025** അഡ്മിഷൻ സെഷനിൽ **(2025-2027** കാലയളവിൽ **)** പ്രവേശനം നേടിയ രണ്ടു വർഷ ട്രേഡുകളിലെ ഒന്നാം വർഷ റഗുലർ/ പ്രൈവറ്റ് ട്രെയിനികൾക്കും, **2025** അഡ്മിഷൻ സെഷനിൽ **(2025-2026** കാലയളവിൽ**)** പ്രവേശനം നേടിയ ഒരു വർഷ ട്രേഡുകളിലെ റഗുലർ/ പ്രൈവറ്റ് ട്രെയിനികൾക്കും, **2025-2026** കാലയളവിലെ ആറുമാസ ട്രേഡുകളിലെ ബാച്ച് **II** റഗുലർ/ പ്രൈവറ്റ് ട്രെയിനികൾക്കും അപേക്ഷിക്കാം.

**b) CBT** പരീക്ഷയുടെ വിശദമായ സമയക്രമ പട്ടിക ഡി.ജി.റ്റിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഐ റ്റി ഐകളെ അറിയിക്കുന്നതാണ്

**c)** പ്രാക്ടിക്കൽ പരീക്ഷയ്ക്കും, **CBT** പരീക്ഷകൾക്കും ട്രെയിനികൾക്ക് വെവ്വേറെ ഹാൾ ടിക്കറ്റുകളാണ് പോർട്ടലിൽ നിന്നും ലഭിക്കുന്നത്. ട്രെയിനികളുടെ പ്രൊഫൈൽ ഐ.ഡി വഴിയും ഐ റ്റി ഐയുടെ **Creator** ഐ.ഡി വഴിയും ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**d)** പ്രാക്ടിക്കൽ വിഷയങ്ങൾക്കുള്ള പരീക്ഷാ ഫീസ് **‘ 0230-00-800-88-00-00-00-N-V-**

**Other items-Dir of Emplmt and Trg'** എന്ന ശീർഷകത്തിൽ ട്രഷറിയിൽ നേരിട്ടോ ഇ-ട്രഷറി മുഖേനയോ അടയ്ക്കേണ്ടതും, **CBT** ഫീസ് ട്രെയിനികളിൽ നിന്നും ശേഖരിച്ച ശേഷം ഡി ജി ടി നിർദ്ദേശിക്കുന്ന പ്രകാരം അടയ്ക്കേണ്ടതുമാണ്.

**<u>അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ</u>**

**1)** പ്രാക്ടിക്കൽ ഫീസ്, **CBT** ഫീസ്, നിശ്ചിത മാതൃകയിലുള്ള അപേക്ഷ എന്നിവ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പ്രിൻസിപ്പാൾ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

**2 )** ഒരിക്കൽ അടച്ച പരിക്ഷാ ഫീസ് യാതൊരു കരാണവശാലും മടക്കി നൽകുകയോ, വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

Digitally signed by
Vasudevan P
Date: 22-05-2026
11:21:06

**അഡീഷണൽ ഡയറക്ടർ**